"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്ക് ഓഫീസിനായി നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഫർണിഷിംഗ് പ്രവൃത്തികൾ നടപ്പ് സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലെ റവന്യൂ ഓഫീസുകളുടെ നവീകരണം എന്ന പദ്ധതി ഘടകത്തിലുൾപ്പെടുത്തി തിരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2847/2025/RD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:-
1. 03.11.2020 തീയതിയിലെ സ.ഉ (സാധാ) നം. 418/2020/പി&ഇഎവ നമ്പർ സർക്കാർ ഉത്തരവ്.
2. ബഹു.എം.എൽ.എ ശ്രീ. എം.എസ് അരുൺ കുമാർ ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 06.08.2025 തീയതിയിലെ എൽആർ/2082/2021-എൽആർ(എം1)-പാർട്ട് (3) നമ്പർ കത്ത്.

**ഉത്തരവ്**

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്ക് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായുള്ള 520 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം 1 -ലെ ഉത്തരവ് പ്രകാരം നൽകുകയുണ്ടായി.

2] പ്രസ്തുത ഭരണാനുമതി തുക വിനിയോഗിച്ച് ടി നിർമ്മാണ പ്രവൃത്തിയുടെ 99% പൂർത്തീകരിച്ചു എന്നും, അനുവദിക്കപ്പെട്ട തുക പൂർണ്ണമായും കെട്ടിട നിർമ്മാണത്തിനും ഇലക്ട്രിഫിക്കേഷനും ആവശ്യമായി വന്നതിനാൽ ഓഫീസ് ഫർണിഷ് ചെയ്യുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ല എന്നും പ്രസ്തുത ഓഫീസ് ഫർണിഷ് ചെയ്യുന്നതിനായി സിഡ്കോ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 61,06,449/- രൂപ ആവശ്യമാണ് എന്നും, എസ്റ്റിമേറ്റ് പരിശോധിച്ച് മാവേലിക്കര താലൂക്ക് ഓഫീസ് ഫർണിഷ് ചെയ്യുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നപേക്ഷിച്ചുകൊണ്ട് ബഹു. എം.എൽ.എ. ശ്രീ.എം.എസ്. അരുൺ കുമാർ ബഹു.റവന്യൂ വകുപ്പ് മന്ത്രിക്ക് പരാമർശം 2 പ്രകാരംനിവേദനം സമർപ്പിക്കുകയുണ്ടായി.

3] തുടർന്ന്, ഇതു സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 3 പ്രകാരം സമർപ്പിച്ച പ്രൊപ്പോസലിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന പ്രസ്തുത താലൂക്ക് ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി വരുന്നതാണ് എന്നും ടി ഓഫീസിലേയ്ക്കാവശ്യമായ ഫർണീച്ചറുകൾ, ബ്ലൈൻഡ്സ് വർക്കുകൾ തുടങ്ങിയ ഫർണിഷിംഗ് വർക്കുകൾക്ക് ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് പ്രകാരം ഉൾപ്പെടുത്തിയിട്ടില്ലാത്തതും, ടി ഫർണീഷിംഗ്

വർക്കുകൾക്ക് ആകെ ചെലവാകുന്ന 61,06,449/-രൂപയുടെ സിഡ്കോ തയാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് ആലപ്പുഴ ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുള്ളതിനാൽ ആയതിന് ഭരണാനുമതിയും ഫണ്ടും അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിയ്ക്കുകയുണ്ടായി.

4] പ്രസ്തുത പ്രവൃത്തിയ്ക്കാവശ്യമായ ഫണ്ട് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതയിലുൾപ്പെടുത്തി ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചതിൽ മാവേലിക്കര താലൂക്ക് ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ ഫർണിഷിംഗ് പ്രവർത്തികൾക്കായി 61,06,449/- രൂപ റവന്യൂ വകുപ്പിന്റെ തന്നെ പദ്ധതി/പദ്ധതിയേതര ഫണ്ടിൽ നിന്നോ മറ്റ് ധനാഗമന മാർഗ്ഗങ്ങളിൽ കൂടി കണ്ടെത്താനുള്ള നിർദ്ദേശമാണ് ലഭ്യമാകുകയുണ്ടായത്.

5] സർക്കാർ ഇക്കാര്യം വീണ്ടും വിശദമായി പരിശോധിച്ചതിൽ പ്രസ്തുത ഫർണിഷിംഗ് പ്രവൃത്തികൾ കൂടി അടിയന്തരമായി പൂർത്തീകരിച്ചാൽ മാത്രമേ 99 ശതമാനവും നിർമ്മാണവും പൂർത്തിയായിട്ടുള്ള പ്രസ്തുത താലൂക്ക് ഓഫീസ് കെട്ടിടം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുവാൻ കഴിയുകയുള്ളൂവെന്ന് കാണുകയുണ്ടായി.

6] മേൽ സാഹചര്യത്തിൽ, ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്ക് ഓഫീസിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള പുതിയ കെട്ടിടത്തിനായുള്ള 61,06,449/- രൂപയുടെ (അറുപത്തൊന്ന് ലക്ഷത്തി ആറായിരത്തി നാന്നൂറ്റിനാൽപ്പത്തൊമ്പത് രൂപ മാത്രം) ഫർണിഷിംഗ് പ്രവൃത്തികൾ നടപ്പ് സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലെ റവന്യൂ ഓഫീസുകളുടെ നവീകരണം എന്ന പദ്ധതി ഘടകത്തിലുൾപ്പെടുത്തി തിരഞ്ഞെടുത്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Misha C P
സെക്ഷൻ ഓഫീസർ
Date: 20-12-2025 11:13:44